# മധുരമായ കുട്ടികളെ – സത്പുത്രരായി ശ്രീമതത്തിലൂടെ സഞ്ചരിച്ച് മാതാ–പിതാവിന്റെ ആശീർവ്വാദം നേടി മുന്നേറിക്കൊണ്ടിരിക്കൂ, ആശീർവ്വാദം നേടുന്നതിൽ ഒരിക്കലും ഉപേക്ഷ കാണിക്കരുത്

**ചോദ്യം:–** ബാബ കുട്ടികൾക്ക് ഒരു മനുഷ്യനും പറഞ്ഞ് തരാൻ സാധിക്കാത്ത ഏതൊരു ശുഭമായ മാർഗ്ഗമാണ് പറഞ്ഞ് തരുന്നത്?

**ഉത്തരം:–** പതിതത്തിൽ നിന്ന് പാവനമാകുന്നതിന്റെ. മുക്തി–ജീവിതമുക്തി പ്രാപ്തമാക്കുന്നതിനുള്ള ശുഭമായ മാർഗ്ഗം ഒരച്ഛൻ മാത്രമാണ് പറഞ്ഞ് തരുന്നത്. ഈ വഴി ആർക്കും തന്നെ അറിയില്ല. അഥവാ ഏതെങ്കിലും ആത്മാവിന് അറിയുമെങ്കിൽ ദുഃഖം വരുമ്പോൾ ഉടനെ തന്നെ ആത്മാവ് അവിടേക്ക് ഓടിച്ചെല്ലുമായിരുന്നു. ബാബ നിങ്ങൾക്ക് വഴി പറഞ്ഞ് തന്നു – കുട്ടികളേ, ദേഹ സഹിതം എല്ലാം തന്നെ മറന്ന് സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ, ഇതിലൂടെ മാത്രമാണ് പാവനമാകുക.

**ഗീതം:–** നേടൂ ആശീർവ്വാദങ്ങൾ മാതാ–പിതാവിന്റെ. . . .

**ഓം ശാന്തി**. മധുര–മധുരമായ കുട്ടികൾ ഗീതം കേട്ടു. ഇപ്പോൾ നമ്മൾ മാതാ–പിതാവിനെ പതിത– പാവനൻ എന്ന് പറയുന്നുണ്ട്. കുട്ടികൾക്കറിയാം ജന്മ–ജന്മാന്തരത്തെ പാപങ്ങളുടെ ഭാണ്ഢം ഇറക്കണം, എങ്ങനെ? കേവലം മാതാ–പിതാവിനെ ഓർമ്മിക്കുന്നതിലൂടെ. വിളിക്കുന്നത് ശിവബാബയെ തന്നെയാണ്. ഉയർന്നതിലും ഉയർന്ന ജ്ഞാനം ബാബ മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു. കുട്ടികൾ ബാബയിൽ നിന്ന് സമ്പത്തെടുക്കുന്നു. എന്നാൽ ഏതുവരെ ദത്തെടുക്കുന്നില്ലയോ, മുഖവംശാവലി ആകുന്നില്ലയോ, കുട്ടിയെന്ന് എങ്ങനെ പറയും. ഭക്തി മാർഗ്ഗത്തിലുള്ളവർ കേവലം പാടുന്നു, നിങ്ങൾ ഇവിടെ സന്മുഖത്ത് ഇരിക്കുന്നു. ബാബ പറയുന്നു ഇപ്പോൾ ഞാൻ വന്നിരിക്കുന്നു ജന്മ–ജന്മാന്തരത്തെ ഭാണ്ഢം ഇറക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതിന്, ശ്രീമതത്തിലൂടെ നടത്തുന്നതിന്. ഈ ബ്രഹ്മാവല്ല പറയുന്നത്, ശിവബാബയാണ് പറയുന്നത്, എന്റെ ഓമനകളായ നഷ്ടപ്പെട്ട് തിരികെ ലഭിച്ച കുട്ടികളേ, തീർത്തും പതിത–പാവനനായ ബാബ തന്നെയാണ് പാപങ്ങളുടെ ഭാണ്ഢം ഇറക്കുന്നതിനുള്ള മാർഗ്ഗം അഥവാ പതിതത്തിൽ നിന്ന് പാവനമാകുന്നതിനുള്ള മാർഗ്ഗം പറഞ്ഞ് തരുന്നതെന്ന് മനസ്സിലാക്കുന്നുണ്ടോ. ഏതുപോലെയാണോ സുഭാഷ് മാർഗ്ഗ് എന്നെല്ലാം പേര് വെയ്ക്കാറില്ലേ. പതിതത്തിൽ നിന്ന് പാവനമാകുന്നതിനുള്ള മാർഗ്ഗം ഇതാണ് . ബാബ പറയുന്നു– മധുര–മധുരമായ കുട്ടികളേ, ഞാൻ നിങ്ങൾക്ക് വഴി പറഞ്ഞ് തരുന്നതിന് വന്നിരിക്കുന്നു. മനുഷ്യർ വിളിച്ചുകൊണ്ടേയിരിക്കുന്നു – അല്ലയോ പതിത–പാവനാ വരൂ വന്ന് പതിതത്തിൽ നിന്ന് പാവനമാകുന്നതിനുള്ള വഴി പറഞ്ഞ് തരൂ. നിങ്ങൾക്ക് ഇപ്പോൾ ആ വഴി ആരാണ് പറഞ്ഞ് തരുന്നത്? അതി സ്നേഹിയായ ബാബ. മുക്തിയിലേക്ക് പോകുന്നതിനായി സന്യാസി സാധന ചെയ്യാറുണ്ട്. എന്നാൽ പോകാൻ സാധിക്കില്ല. ലോകം എപ്പോൾ പതിതമാകുന്നോ അപ്പോൾ പാവന ലോകത്തിലേക്കുള്ള വഴി പറഞ്ഞു തരുന്നതിന് ബാബയ്ക്ക് വരേണ്ടതായുണ്ട്. ഒരു മനുഷ്യനും മുക്തി–ജീവിതമുക്തിയിലേക്കുള്ള വഴി പറഞ്ഞ് തരാൻ സാധിക്കില്ല. അതുകൊണ്ട് ശ്രീമതത്തിലൂടെ നടക്കേണ്ടതായുണ്ട്. മറ്റെല്ലാ സംഗങ്ങളും വേർപെടുത്തണം. സർവ്വ ധർമ്മാനി പരിത്യജ, മാമേകം.... ദേഹത്തിന്റെ എന്തെല്ലാം ധർമ്മങ്ങളാണോ ഉള്ളത്, എല്ലാം ഉപേക്ഷിച്ച് സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കൂ. ഞാൻ ഇന്ന ആളാണ്, ഇതെന്റെ സമ്പത്താണ് – ഇതെല്ലാം ഉപേക്ഷിച്ച് സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കൂ ഒപ്പം നിരന്തരം എന്നെ ഓർമ്മിക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്യൂ. ഞാൻ ശുഭമായ വഴി പറഞ്ഞ് തരുന്നു. ഇതുപോലൊരു ശുഭമാർഗ്ഗം മറ്റൊന്ന് ഉണ്ടാകില്ല. ഇപ്പോൾ ഈ ദുഃഖത്തിന്റെ നാടകം പൂർത്തിയാകുന്നു. എന്താ ഇപ്പോഴും ഈ ദുഃഖത്തിന്റെ *പാർട്ട*ഭിനയിക്കാൻ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഇനിയും ദുഃഖിയാകും. ഇവിടെ ഒരു മനുഷ്യനും തന്നെ സുഖിയല്ല. അകാല മൃത്യു മുതലായവ എത്ര ദുഃഖത്തിന്റെ കാര്യങ്ങളാണ്. ദീർഘായുസ്സുള്ളവർ വളരെ വിരളം പേരാണ്, ബാക്കി എല്ലാവരും തന്നെ രോഗികളായിരിക്കുന്നു.

ബാബ പറയുന്നു ഞാൻ വഴികാട്ടിയായി വന്നിരിക്കുന്നു. ഇപ്പോൾ മാതാ–പിതാവിനെ ഓർമ്മിക്കൂ. ശ്രീമതത്തിലൂടെ സഞ്ചരിക്കുന്നതിലൂടെ നിങ്ങളിൽ എത്ര ആശീർവ്വാദമാണ് ഉണ്ടാകുന്നത് അതിലൂടെ നിങ്ങളെല്ലാവരും ഭാഗ്യശാലികളായി തീരുന്നു. ബാബ പറയുന്നു നിങ്ങൾ വിശ്വത്തിന്റെ അധികാരികളാകുന്നവരാണ്. പരിധിയില്ലാത്ത പിതാവിൽ നിന്ന് വിശ്വത്തിന്റെ അധികാരം നേടുന്നത് ഒരിക്കലും ചെറിയ കാര്യമല്ല! പണത്തിനായി എന്തെല്ലാം തട്ടിപ്പുകളാണ് ചെയ്യുന്നത്. ഇവിടെ ഇങ്ങനെയുള്ള

ഒരു കാര്യവുമില്ല. ബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ സദാകാലത്തേക്ക് നിരോഗിയായി തീരും. 21 ജന്മത്തേക്ക് എത്ര വലിയ സമ്പത്താണ് നൽകുന്നത്! ഇങ്ങനെയുള്ള ബാബയോട് ഭക്തി മാർഗ്ഗത്തിൽ പ്രതിജ്ഞ ചെയ്താണ് വന്നത്. അങ്ങയിൽ സമർപ്പണമാകും, പിന്നീട് അങ്ങിൽ നിന്ന് സ്വർഗ്ഗത്തിന്റെ സമ്പത്ത് നേടും. ഇപ്പോൾ നിങ്ങൾക്കറിയാം – നമ്മൾ നമ്മുടെ അതിസ്നേഹിയായ ബാബയുടെ സമീപത്താണ് ഇരിക്കുന്നത്. ബാബയെ നിരാകാരനെന്നും, നിരഹങ്കാരിയെന്നും മഹിമ പാടിയിട്ടുണ്ട്. എത്ര ഉയർന്നതിലും ഉയർന്ന പിതാവാണ്. എപ്പോഴാണോ ഭക്തി പൂർത്തിയാകുന്നത് അപ്പോഴാണ് ഭക്തി മാർഗ്ഗത്തിന്റെ ഫലം നൽകുന്നതിന് വേണ്ടി ഞാൻ വരുന്നത്. എന്റെ സത്യം-സത്യമായ ഭക്തർ ആരാണ്! അതും പറഞ്ഞ് തരുന്നു. ആരാണോ ഏറ്റവും ആദ്യം പൂജ്യരായിരുന്നത്, ഭഗവാൻ-ഭഗവതിയായിരുന്നത്, പിന്നീട് മുകളിൽ നിന്ന് താഴേക്ക് വന്നു, സതോ-രജോ-തമോയിലേക്ക് വന്ന്-വന്ന് ഇപ്പോൾ തീർത്തും ജീർണ്ണിതരായിരിക്കുന്നു. നമ്മൾ തന്നെയായിരുന്നു വിശ്വത്തിന്റെ അധികാരികളായിരുന്നത് എന്ന് നിങ്ങൾക്കറിയാം. ഭാരതത്തിന്റെ മഹിമ വളരെ വലുതാണ് അതുകൊണ്ടാണ് എല്ലാവരും ഭാരതത്തെ സഹായിക്കുന്നത്. മുൻപ് ഭാരതം വളരെ സമ്പന്നമായിരുന്നു എന്നറിയാം. ഇപ്പോൾ ദരിദ്രമായിരിക്കുന്നു അതുകൊണ്ട് എല്ലാവർക്കും ദയ വരുന്നു. ഭാരതത്തെ വളരെ ദരിദ്രരെന്ന് മനസ്സിലാക്കി സഹായിക്കുന്നു. ആരെങ്കിലും വളരെ ധനവാനായിരുന്ന് പിന്നീട് ദരിദ്രനാകുകയാണെങ്കിൽ അവർക്ക് ദാനം നൽകാൻ എല്ലാവർക്കും മനസ്സുണ്ടായിരിക്കും. ബാബ പറയുന്നു ഭാരതവാസി എത്രത്തോളം ആശയക്കുഴപ്പത്തിൽ അകപ്പെട്ടിരിക്കുന്നു. ശിവ ജയന്തി ആഘോഷിക്കുന്നുണ്ട്, എന്നാൽ ശിവബാബ എപ്പോഴാണ് വന്നത്, വന്ന് എന്താണ് ചെയ്തത്, അറിയില്ല. തീർച്ചയായും ബാബ സമ്പത്തും കൊണ്ടായിരിക്കും വന്നിട്ടുണ്ടായിരിക്കുക. സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റിയിട്ടുണ്ടായിരിക്കും. പറയുകയാണ് ഞാൻ കുട്ടികളെ സദാ സുഖികളാക്കി, സിംഹാസനം നൽകി വാനപ്രസ്ഥത്തിലേക്ക് പോകുന്നു. ഞാൻ ഒരാഗ്രഹവും വെയ്ക്കുന്നില്ല. വിശ്വത്തിന്റെ രാജ്യം നേടുന്നതിന് ഞാൻ അധികാരിയാകുന്നില്ല. ഇങ്ങനെയുള്ള അതിസ്നേഹിയായ ബാബയെ എങ്ങനെ പിടിച്ചിരിക്കണം. കൈകൊണ്ട് പിടിക്കുന്നതിന്റെ കാര്യമല്ല. ബുദ്ധികൊണ്ട് പിടിക്കുന്നതിന്റെ കാര്യമാണ്. എല്ലാവർക്കും കഴിയേണ്ടത് തന്റെ ഗൃഹസ്ഥത്തിൽ തന്നെയാണ്. കുട്ടികളെ സംരക്ഷിക്കുകയും വേണം. ഇതാണ് പരിധിയില്ലാത്ത സന്യാസം. ദേഹ സഹിതം എന്തെല്ലാമാണോ ഉള്ളത് അതെല്ലാം ഉപേക്ഷിക്കണം. ഇവിടെ ഓരോ വസ്തുവും ജീർണ്ണിതവും തമോപ്രധാനവുമാണ്. ദുഃഖം നൽകുന്നതാണ്. തത്വം പോലും ദുഃഖം നൽകുന്നു. മഴ പെയ്തില്ലെങ്കിൽ വരൾച്ചയുണ്ടാകുന്നു. അല്ലെങ്കിൽ വെള്ളപ്പൊക്കം വരുന്നു. അവിടെ ഈ തത്വങ്ങൾ മുതലായ എല്ലാം നിങ്ങളുടെ ആജ്ഞയിലായിരിക്കും. അഞ്ച് തത്വങ്ങളും നിങ്ങളുടെ അവജ്ഞ ചെയ്യില്ല.

ഇപ്പോൾ നിങ്ങൾ കുട്ടികൾ ബാബയിൽ നിന്ന് ആശീർവ്വാദം നേടിക്കൊണ്ടിരിക്കുന്നു. ആശീർവ്വാദങ്ങൾ ലഭിക്കുന്നത് ശ്രീമതത്തിലൂടെയാണ്. ബാബയുടെ ശ്രീമതത്തിലൂടെ സഹായിയാകൂ ഒപ്പം എന്നെ ഓർമ്മിക്കൂ. എന്നാൽ കഴിയേണ്ടത് കമല പുഷ്പ സമാനമാണ്. അത്രയും മതി, ഓർമ്മയിലൂടെ തന്നെ നിങ്ങൾ ഈ ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റും. നമ്മൾ പരംപിതാ പരമാത്മാവിന്റെ വലം കൈയായി മാറുകയാണ്! ഈ ലഹരി ഉണ്ടായിരിക്കണം. വലം കൈ ആകുന്നതിലൂടെ പൂർണ്ണമായും ധർമ്മിഷ്ഠരായി തീരും. വിജയ മാലയിൽ കോർക്കപ്പെടും. വളരെ സഹജമാണ്. ഇതിൽ ഹഠയോഗം മുതലായ ഒന്നും തന്നെ ചെയ്യിക്കുന്നില്ല. നാടകം പൂർത്തിയായി, 84 ജന്മങ്ങളുടെ *പാർട്ട്* പൂർത്തിയായി. ഇപ്പോൾ മോശമായ വസ്ത്രം ഉപേക്ഷിക്കണം. ഇപ്പോൾ എന്നെ ഓർമ്മിച്ചോർമ്മിച്ച് ശാന്തിധാമത്തിൽ എത്തിച്ചേരും. ആദ്യം അവിടെ നിവസിക്കും പിന്നീട് നിങ്ങളെ സുഖത്തിന്റെ സംബന്ധത്തിലേക്ക് അയക്കും. ശരിക്കും നമ്മൾ ആത്മാക്കൾ അവിടെ നിന്നാണ് വരുന്നത്. ആ മധുരമായ വീട് എല്ലാവരും മറന്നിരിക്കുന്നു. മനുഷ്യർ കാശി കൽവർട്ടിൽ ബലിയാകാറുണ്ട്. ചിന്തിക്കുന്നു ഇവിടെ ദുഃഖമാണ്, ഞാൻ ശിവന്റെയടുത്തേക്ക് പോകുകയാണ്. എന്നാൽ ശിവബാബയുടെ അടുത്ത് എത്തിച്ചേരാൻ സാധിക്കില്ല. ഇവിടെ നിങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നു. നിങ്ങൾ സമ്പാദിക്കുകയാണ്. ആദ്യം ബാബയുടെ കുട്ടിയായി മാറുന്നു. ബാബ പഠിപ്പിക്കാൻ ആരംഭിക്കുന്നു പിന്നീട് നിങ്ങളെ തിരിച്ച് കൊണ്ടുപോകുന്നു ശേഷം സ്വർഗ്ഗത്തിലേക്കുമയക്കുന്നു. പ്രജാപിതാ ബ്രഹ്മാവ് തീർച്ചയായും ഇവിടെയല്ലേ വേണ്ടത്. അപ്പോൾ നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും– ഞങ്ങളാണ് ബ്രഹ്മാകുമാരൻമാരും കുമാരികളും. ബ്രഹ്മാവ് ശിവബാബയുടെ പുത്രനാണ്. ശിവബാബ നമ്മുടെ മുത്തച്ഛനാണ്. സമ്പത്ത് മുത്തച്ഛനിൽ നിന്നാണ് ലഭിക്കുന്നത്. ബാബയാണ് സ്വർഗ്ഗത്തിന്റെ രചയിതാവ്. ബാബയിൽ നിന്ന് തന്നെയാണ് സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കേണ്ടത് അതുകൊണ്ട് ബാബയുടെ നിർദ്ദേശത്തിലൂടെ സഞ്ചരിക്കണം. ബാബയിൽ നിന്ന് ആശീർവ്വാദം നേടണം. ആജ്ഞാകാരി കുട്ടികൾ മാത്രമാണ് ആശീർവ്വാദം നേടുന്നതിന് അവകാശികളായിട്ടുള്ളത്. ബാബ പറയുന്നു കുപുത്രരല്ല സത്പുത്രരാകൂ. ബാബയുടെ കൈ പൂർണ്ണമായും പിടിക്കൂ. നിങ്ങളെ വളരെ വിശ്രമത്തോടെ കൊണ്ടു പോകുന്നു. എല്ലാ ആത്മാക്കൾക്കും

ചിറക് ലഭിക്കുന്നു. നിങ്ങൾ എത്രത്തോളം ബാബയെ ഓർമ്മിക്കുന്നോ അത്രത്തോളം പറക്കുന്നതിനുള്ള ചിറക് ലഭിച്ചുകൊണ്ടിരിക്കും. ശിക്ഷകൾ അനുഭവിക്കുന്നവർക്ക് ഒരിക്കലും ഉയർന്ന പദവി നേടാൻ സാധിക്കില്ല. ശ്രീമതത്തിലൂടെ നടക്കുകയാണെങ്കിൽ പിന്നീട് ശിക്ഷക്ക് പാത്രമാകില്ല. പദവിയോടെ വിജയിക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം. മമ്മാ-ബാബയെ പോലും ജയിക്കണം. ബാബ വീണ്ടും-വീണ്ടും പറയുന്നു - കുട്ടികളേ, ബാബയിൽ നിന്ന് മുഖം തിരിക്കരുത്. ചിലർ *സെന്റർ* സ്ഥാപിക്കുന്നു, നന്നായി സേവനങ്ങൾ ചെയ്യുന്നു, ചിലർ പിന്നീട് പോകെ-പോകെ പിണങ്ങി പോകുന്നു, സമ്പൂർണ്ണമായി ആരും മാറിയിട്ടില്ല. ചില-ചില അസ്വാരസ്യങ്ങൾ ഉണ്ടാകുന്നുണ്ട്. എന്നാൽ ഒരിക്കലും ബാബയെ ഉപേക്ഷിക്കരുത്. ബാബാ, ഞങ്ങൾ അങ്ങയുടേതാണ്, അങ്ങയിൽ നിന്ന് സമ്പത്തെടുക്കുകയാണ്. ഗൃഹസ്ഥ വ്യവഹാരത്തെയും സംരക്ഷിക്കണം. ഇത് ആ സന്യാസമല്ല. നിങ്ങൾ കുട്ടികളെ രചിച്ചുവെങ്കിൽ അവരുടെ പാലനയും നടത്തണം. അതിലും കുപുത്രരും സത്പുത്രരും തീർച്ചയായും ഉണ്ടായിരിക്കും. കുപുത്രർ എല്ലാവരെയും ബുദ്ധിമുട്ടിക്കും. ബാബ പറയുന്നു നിങ്ങൾ എല്ലാവർക്കും പാരലൗകിക ബാബയുടെ പരിചയം നൽകൂ. പറയൂ - അല്ലയോ *ഗോഡ് ഫാദർ* എന്ന് പറയുന്നുണ്ട്, പിന്നീടെങ്ങനെ സർവ്വവ്യാപിയാകാൻ സാധിക്കും? പറയുന്നത് തന്നെ പതിത-പാവനൻ, ഗോഡ് ഫാദർ..... അപ്പോൾ തീർച്ചയായും പതിത ലോകവുമുണ്ട് പാവന ലോകവുമുണ്ട്. എല്ലാ ആത്മാക്കളുടെയും പിതാവ് ആ ഒരാളാണ്. ഇപ്പോൾ നിങ്ങൾക്കറിയാം നമ്മൾ ആ ബാബയുടെ മുന്നിലാണ് ഇരിക്കുന്നത് ആ ബാബ നമ്മളെ പതിതത്തിൽ നിന്ന് പാവനമാക്കി ആശീർവ്വാദം നൽകുന്നു - ചിരഞ്ജീവിയായിരിക്കൂ. അവിടെ നിങ്ങളെ കാലന് വിഴുങ്ങാൻ സാധിക്കില്ല. അതുകൊണ്ട് ബാബ പറയുന്നു ശ്രീമതത്തിലൂടെ നടക്കൂ. എല്ലാവർക്കും സുഖം നൽകൂ. ബാബ വന്നിരിക്കുന്നത് തന്നെ എല്ലാവരെയും സുഖികളാക്കുന്നതിന് വേണ്ടിയാണ്. സുഖവും ശാന്തിയും രണ്ട് സമ്പത്തും നൽകുന്നു. അവിടെ മായയേ ഇല്ല, പിന്നെ ദുഃഖം എവിടെ നിന്ന് വരും? ഇവിടെയാണെങ്കിൽ പരസ്പരം യുദ്ധവും ലഹളയും നടത്തിക്കൊണ്ടിരിക്കുന്നു. ബാബ വന്നിരിക്കുന്നു - സുഖധാമത്തിന്റെയും ശാന്തിധാമത്തിന്റെയും അധികാരികളാക്കുന്നതിന്. അതിന് വേണ്ടിയാണ് നിങ്ങൾ പഠിക്കുന്നത്. ബാബ എല്ലാ സൗകര്യങ്ങളും ചെയ്തിട്ടുണ്ട്. എല്ലാം കുട്ടികളുടേത് തന്നെയാണ്. ബാബ പറയുന്നു ഞാൻ നിങ്ങളുടെ സേവകനാണ്. കുട്ടികൾ പറയുന്നു- ശിവബാബാ, ഞങ്ങളുടെ പേരിൽ കെട്ടിടമുണ്ടാക്കണം. ശരി, ആജ്ഞ പോലെ. ബാബയും പറയുന്നു കുട്ടികളുടെ ആജ്ഞ പോലെ. ശിവബാബ ബ്രഹ്മാവിലൂടെ തന്നെയാണ് നിങ്ങൾക്ക് വേണ്ടി ഉണ്ടാക്കി കൊണ്ടിരിക്കുന്നത്. എല്ലാം ശിവബാബ തന്നെയാണ് ചെയ്യുന്നത്. ബാബ പറഞ്ഞിട്ടുണ്ട് കത്തും ശിവബാബാ *കെയർ ഓഫ്* ബ്രഹ്മാ എന്ന് വേണം എഴുതാൻ. ഇത് ശീലമാകണം. ശിവബാബയെ ഓർമ്മിക്കുന്നതിലൂടെ എത്ര പാപമാണ് മുറിയുന്നത്. ബാബ യുക്തികൾ പറഞ്ഞ് തന്നുകൊണ്ടിരിക്കുന്നു. ശിവബാബാ *കെയർ ഓഫ്* ബ്രഹ്മാ. വളരെ സഹജമല്ലേ. പേര് തന്നെ സഹജ രാജയോഗവും സഹജ ജ്ഞാനവും എന്നാണ്. ബാബയാണ് ജ്ഞാന സാഗരം, *നോളജ്ഫുൾ*..... മുഴുവൻ സൃഷ്ടിയുടെയും ആദി- മദ്ധ്യ- അന്ത്യത്തിന്റെ രഹസ്യം പറഞ്ഞ് തരുന്നു. ഇതും *സെക്കന്റിന്റെ* കാര്യമാണ്. ഇപ്പോൾ ഭാരതവാസികളിൽ നിന്ന് രാഹുവന്റെ ദശ മാറി ബൃഹസ്പതീ ദശ വരുന്നു.

ബാബ പറയുന്നു കുട്ടികളേ ആശീർവ്വാദങ്ങൾ നേടുകയാണെങ്കിൽ നിങ്ങളുടെ പാപത്തിന്റെ ഭാണ്ഢം ഇറങ്ങും. എന്നെമാത്രം ഓർമ്മിക്കുന്നതിന്റെ അഭ്യാസം ചെയ്യൂ. എഴുന്നേൽക്കുമ്പോഴും-ഇരിക്കുമ്പോഴും, ചുറ്റിക്കറങ്ങുമ്പോഴും ബാബ പറയുന്നു അതി സ്നേഹിയായ ബാബയെ ഓർമ്മിക്കൂ. നിങ്ങൾക്ക് എങ്ങനെയുള്ള സമ്പത്താണ് നൽകുന്നത്! അതുകൊണ്ട് മാതാ-പിതാവിൽ നിന്ന് ആശീർവ്വാദങ്ങൾ നേടുന്നതിന് അധികാരിയാകണം. ഇദ്ദേഹം ലൗകിക പിതാവിന്റെ ആശീർവ്വാദവും ധാരാളം നേടിയിട്ടുണ്ട്. പിതാവിന്റെ വളരെ സേവനം ചെയ്തിട്ടുണ്ട്. അന്തിമത്തിൽ കാശിയിൽ താമസിപ്പിക്കാൻ പറഞ്ഞു. ശരി പിതാവേ പോകാം എന്ന് പറഞ്ഞു. അവിടെ ഇരുത്തി ജോലി-വേലക്കാരെയെല്ലാം നൽകി. അവിടെ തന്നെ അദ്ദേഹത്തിന്റെ മനോകാമന പൂർത്തിയായി. പിതാവിന്റെ ആശീർവ്വാദം ലഭിച്ചില്ലേ. എല്ലാവരുടെയും സേവനം ചെയ്തതുകൊണ്ട് ആശീർവ്വാദം ലഭിച്ചു. മാതാ-പിതാവിന്റെ ആശീർവ്വാദം മുന്നോട്ട് നയിക്കുന്നതാണ്. ഇപ്പോൾ ഉള്ളത് പരിധിയില്ലാത്ത കാര്യമാണ് അതുകൊണ്ട് സത്പുത്രരായി ആശീർവ്വാദം നേടണം. അതുകൊണ്ട് ശ്രീമതത്തിലൂടെ നടന്നുകൊണ്ടിരിക്കൂ മറ്റെല്ലാവർക്കും വഴി പറഞ്ഞു കൊടുക്കുകയും ചെയ്യൂ. ഭാരതവാസി സ്വർഗ്ഗത്തിന്റെ അധികാരിയായി മാറിയിട്ടുണ്ടായിരുന്നു. ഇപ്പോൾ സമ്പത്ത് നൽകുന്നതിന് വേണ്ടി ബാബ വന്നിരിക്കുന്നു. പറയുന്നു കേവലം പിതാവായ എന്നെ ഓർമ്മിക്കൂ മറ്റാരുടെയും നാമ-രൂപത്തിൽ കുടുങ്ങരുത്. ദേഹീ-അഭിമാനിയായി ബാബയെ ഓർമ്മിക്കുകയാണെങ്കിൽ തോണി അക്കരെയെത്തും. അങ്ങ് മാതാ-പിതാവാണ് ഞങ്ങൾ അങ്ങയുടെ സന്താനങ്ങളാണ്..... ഇപ്പോൾ ആ മാതാ-പിതാവ് മുന്നിലിരിക്കുന്നു. ബാബാ അങ്ങ് തീർത്തും കൽപം മുൻപും വന്നിരുന്നു. കൽപ-കൽപം അങ്ങ് ഇതുപോലെ വരുന്നു. ഈ കാര്യം ഞങ്ങൾക്കറിയാം മറ്റാരും തന്നെ അറിയുന്നില്ല. നിങ്ങൾ 84

ജന്മത്തിന്റെ ചക്രത്തെ അറിഞ്ഞിരിക്കുന്നു. ഇപ്പോൾ ബാബയിൽ നിന്ന് ആശീർവ്വാദം നേടുന്നതിൽ പിഴവ് വരുത്തരുത്. ഇത് വളരെ വലിയ ആശീർവ്വാദമാണ്. നിങ്ങൾ കുട്ടികളെ വിശ്വത്തിന്റെ അധികാരിയാക്കി ബാബ സ്വയം നിർവ്വാണത്തിലിരിക്കുന്നു. ബാബ സ്വയം ഈ സൃഷ്ടിയുടെ സുഖം എടുക്കുന്നില്ല. ശരി! ബാബ പറയുന്നു വിസ്താരത്തിൽ എന്ത് കേൾപ്പിക്കാനാണ്. ചെറിയൊരു കാര്യം കേവലം മനസ്സിലാക്കൂ- നിങ്ങൾ ബാബയെ ഓർമ്മിക്കാൻ മറന്നുപോകുന്നു. *നാട* കെട്ടൂ. മനുഷ്യർ ഏതെങ്കിലും കാര്യം ഓർമ്മിക്കുന്നതിനായി *നാട* കെട്ടാറുണ്ട് അപ്പോൾ മറക്കാറില്ല. അതുപോലെ ഇതും മറക്കരുത്.

*സെന്റർ* തുറക്കുന്നവർക്ക് എത്ര ആശീർവ്വാദമാണ് ലഭിക്കുന്നത്! സ്വർഗ്ഗ സ്ഥാപകനെ എത്രയാണ് എല്ലാവരും ഓർമ്മിക്കുന്നത്! അല്ലയോ *ഗോഡ് ഫാദർ* എന്നിൽ ദയ ചൊരിയൂ. ബാബയാണ് സർവ്വരുടെയും സദ്ഗതി ദാതാവ്, ശാന്തി ദാതാവ്..... ബാബയിരുന്ന് എങ്ങനെയാണ് കുട്ടികളുടെ സേവനം ചെയ്യുന്നത്. എത്ര ഉയർന്നതിലും ഉയർന്നതാക്കിയാണ് മാറ്റുന്നത്. ബാബ ഇവരെ എന്താക്കിയാണ് മാറ്റുന്നതെന്ന് ആർക്കും അറിയാൻ സാധിക്കുന്നില്ല. ബാബ കുട്ടികളുടെ സേവനത്തിൽ ഉപസ്ഥിതനാണ്, വളരെ നിരഹങ്കാരിയാണ്, കുട്ടികൾ പല-പല തരത്തിലുള്ളവരാണ്, അപ്പോഴും വിധി ഇങ്ങനെയാണ് ഉണ്ടാക്കിയിട്ടുള്ളതെന്ന് പറയുന്നു. ബാബ പറയുന്നു എന്റെ കർത്തവ്യം കൽപം മുൻപത്തേത് പോലെ തന്നെ നടക്കുന്നു. ഒരു പരമാധികാര *ഗവൺമെന്റ്* ഉണ്ടാകണമെന്ന് ഗാന്ധിയും നെഹ്റുവും ആഗ്രഹിച്ചിരുന്നു. ഇപ്പോൾ ഈ കാര്യം ബാബ ചെയ്തുകൊണ്ടിരിക്കുന്നു. പതുക്കെ-പതുക്കെ അറിഞ്ഞുകൊണ്ടിരിക്കും. എന്നാൽ *ടൂ ലേറ്റ്* ആയിക്കൊണ്ടിരിക്കും. കർമ്മാതീത അവസ്ഥ വന്നാൽ ഈ ശരീരം ഉണ്ടായിരിക്കില്ല. അന്തിമത്തിൽ വരുന്നവർക്ക് വളരെ നല്ല പുരുഷാർത്ഥം ചെയ്യേണ്ടി വരും, അന്തിമത്തിൽ വരുന്നവർ വളരെ തീവ്രമായി പോകുകയും ചെയ്യുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം -

1) ബാബയുടെ ശ്രീമതത്തിലൂടെ പൂർണ്ണമായും നടന്ന് വലം കൈ ആയി ധർമ്മനിഷ്ഠരാകണം. ബാബയുടെ പൂർണ്ണമായ സഹായിയാകണം.

2) മാതാ-പിതാവിന്റെ ആശീർവ്വാദം മുന്നോട്ട് നയിക്കുന്നതാണ് അതുകൊണ്ട് ആജ്ഞാകാരിയായി ആശീർവ്വാദം നേടണം. ബാബയ്ക്ക് സമാനം നിരഹങ്കാരിയാകണം.

## വരദാനം - മനസാ വാചാ കർമണാ മൂന്നു സേവനങ്ങളുടെയും കണക്കു ശേഖരിക്കുന്ന യജ്ഞസ്നേഹിയായി ഭവിക്കട്ടെ.

ബാപ്ദാദയുടെ അടുക്കൽ കുട്ടികളുടെ സേവനത്തിന്റെ മൂന്നു പ്രകാരത്തിലുള്ള കണക്കും ശേഖരണമുണ്ട്. ആര് യജ്ഞസ്നേഹിയാണോ അവർ മനസാ വാചാ കർമണാ, ശരീരം, മനസ്, ധനം മൂന്നു സേവനങ്ങളിലും സദാ സഹയോഗിയാകുന്നു. ഓരോ കണക്കിനും 100 മാർക്കാണ്. അഥവാ ആർക്കെങ്കിലും വാചാ സേവനത്തിന്റെ ഡ്യൂട്ടിയാണെങ്കിൽ അതുവഴി മനസാ, കർമണാ സേവനങ്ങളുടെ ശതമാനം കുറയാൻ പാടില്ല. വാചാ സേവനം സഹജമാണ്. എന്നാൽ മനസാ സേവനത്തിൽ ശ്രദ്ധയുടെ കാര്യമുണ്ട്. കർമണാ വെറും സ്ഥൂലസേവനമല്ല എന്നാൽ സംഘടനയിൽ സംബന്ധ സമ്പർക്കത്തിൽ വരിക- ഇതും കർമത്തിന്റെ കണക്കിൽ ശേഖരണമാകുന്നു.

## സ്ലോഗൻ - തനിക്കു മേൽ രാജ്യം ഭരിക്കുന്ന സ്വരാജ്യഅധികാരിയാകൂ, കൂടെയുള്ളവർക്കു മേൽ രാജ്യം ഭരിക്കുന്നവരല്ല